**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** — **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി യുവാക്കൾക്ക് സുസ്ഥിര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ഉൾപ്പെടെ തൊഴിൽ മേഖല കണ്ടെത്തി സുസ്ഥിര വരുമാനം സാധ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക |

| | | | | |
|---|---|---|---|---|
| | | | | പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.<br><br>നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ; 18നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.<br><br>നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധത് നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് | (ബി) | | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.<br><br>നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇതിന് പുറമേ; 18നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോർഡിനേറ്റർ, ലീഗൽ അഡൈ്വസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.<br><br>നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | അഭ്യസ്തവിദ്യരായ പട്ടികജാതി വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ